"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - യു.പി.എസ്.റ്റി (തമിഴ് മീഡിയം) നിയമനം - പത്താംക്ലാസിൽ Part-1 അല്ലെങ്കിൽ Part- 2 ൽ തമിഴ് ഒരു വിഷയമായോ പ്ലസ് ടു തലം വരെ തമിഴ് രണ്ടാം ഭാഷയായോ പഠിച്ച് ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയും, ബി.എഡ്/റ്റി.റ്റി.സി/ഡി.എഡ്/ഡി.എൽ.എഡ്, കെ-ടെറ്റ് യോഗ്യത നേടിയവരെ കൂടി പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

G.O.(Ms)No.190/2023/GEDN തീയതി,തിരുവനന്തപുരം, 11-12-2023

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04.10.2023 തീയതിയിലെ ഡി.ജി.ഇ /2636/2023/എച്ച്3 നമ്പർ കത്ത്
2. എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 21.2.2023-ലെ പ്രോഗ്രാം2/728/2023/ എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്

**ഉത്തരവ്**

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ യു.പി സ്കൂൾ അധ്യാപകരെ തെരഞ്ഞെടുക്കാൻ വേണ്ടി കേരള പബ്ലിക് സർവീസ് കമ്മീഷൻ അപേക്ഷ ക്ഷണിക്കുമ്പോൾ മലയാളം യു.പി സ്കൂൾ അധ്യാപക തിരഞ്ഞെടുപ്പിൽ ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയും ഏതെങ്കിലും വിഷയത്തിൽ ബിഎഡും കെ-ടെറ്റും വിജയിച്ചാൽ അപേക്ഷ നൽകാം എന്നിരിക്കെ തമിഴ് യു.പി സ്കൂൾ അധ്യാപകരെ തെരഞ്ഞെടുക്കാൻ വേണ്ടി കേരള പബ്ലിക് സർവീസ് കമ്മീഷൻ അപേക്ഷ ക്ഷണിക്കുമ്പോൾ ഏതെങ്കിലും വിഷയത്തിൽ ഡിഗ്രി എടുത്തതിനുശേഷം തമിഴ് ഭാഷയിൽ ബി.എഡ് എടുത്തവർക്ക് മാത്രമേ അപേക്ഷ നൽകാൻ പാടുള്ളു എന്നുള്ള വ്യവസ്ഥ നിലനിൽക്കുന്നതിനാൽ പത്താംക്ലാസ് വരെ തമിഴ് മീഡിയത്തിൽ പഠിച്ചതിന് ശേഷം ഡിഗ്രിയും ബിഎഡും പൂർത്തിയാക്കിയ ആയിരത്തോളം ഉദ്യോഗാർഥികൾക്ക് തമിഴ് മീഡിയം യു.പി സ്കൂൾ അധ്യാപക തസ്തികയ്ക്കോ മലയാളം മീഡിയം യു.പി സ്കൂൾ അധ്യാപക തസ്തികയിലേക്കോ അപേക്ഷ നൽകാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത് എന്നും പത്താംക്ലാസിൽ Part -1 അല്ലെങ്കിൽ Part -2 തമിഴ് ഒരു വിഷയമായി പഠിച്ച ഉദ്യോഗാർത്ഥികൾ, അതുപോലെതന്നെ പ്ലസ് ടു, ഡിഗ്രി എന്നിവയിൽ രണ്ടാം ഭാഷയായി തമിഴ് പഠിച്ച ഉദ്യോഗാർത്ഥികൾ എന്നിവർ B.Sc, B.com, BA എന്നീ Degree എടുത്ത് B.Ed കഴിഞ്ഞു K-TET വിജയിച്ച് തമിഴ് UPST തിരഞ്ഞെടുപ്പിന് അപേക്ഷിക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷം നിലവിലുള്ളതിനാൽ,തമിഴ് UPSA അധ്യാപകരെ തെരഞ്ഞെടുക്കാനുള്ള യോഗ്യത മലയാളം മീഡിയം യു.പി സ്കൂൾ അധ്യാപകരെ തെരഞ്ഞെടുക്കാനുള്ള യോഗ്യതയുമായി താരതമ്യം ചെയ്ത്

പത്താംക്ലാസിൽ Part-1 അല്ലെങ്കിൽ Part- 2 തമിഴ് ഒരു വിഷയമായി പഠിച്ച് വിദ്യാർത്ഥികൾ, പ്ലസ് ടു, ഡിഗ്രി എന്നീ വിഷയങ്ങളിൽ രണ്ടാം ഭാഷയായി തമിഴ് പഠിച്ച ഉദ്യോഗാർത്ഥികൾ ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയും ഏതെങ്കിലും വിഷയത്തിൽ ബി.എഡും, കെ-ടെറ്റും വിജയിച്ചാൽ പരിഗണിക്കാവുന്ന രീതിയിൽ ചട്ട ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിവേദനം സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

2. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദവും തമിഴ് ഭാഷയിലുള്ള ബി.എഡും കൂടാതെ കെ.ഇ.ആർ അദ്ധ്യായം XXXI ൽ പരാമർശിച്ചിട്ടുള്ള യോഗ്യതകളുമാണ് നിലവിൽ യു.പി സ്കൂൾ തമിഴ് അധ്യാപക യോഗ്യതയായി പരിഗണിക്കുന്നത് എന്നും യു.പി.എസ്.റ്റി (തമിഴ്) ഭാഷാ അദ്ധ്യാപകർ രണ്ടാം ഭാഷയും മൂന്നാംഭാഷയും ഒഴികെയുള്ള വിഷയങ്ങൾ തമിഴ് മാധ്യമത്തിൽ ആണ് അദ്ധ്യയനം നടത്തേണ്ടതിനാൽ തമിഴ് ഭാഷയോടൊപ്പം പരിശീലന യോഗ്യതയും തമിഴിൽ കരസ്ഥമാക്കിയാൽ മാത്രമേ തമിഴ് മാധ്യമത്തിൽ പഠിക്കുന്ന കുട്ടികളുടെ അക്കാദമിക താത്പര്യം സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് പ്രസ്തുത നിബന്ധന നിഷ്കർഷിച്ചിട്ടുള്ളത് എന്ന് പരാമർശം (1) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ യു.പി സ്കൂൾ അധ്യാപകരെ (മലയാളം മീഡിയം) തിരഞ്ഞെടുക്കുമ്പോൾ ഏതെങ്കിലും ഒരു വിഷയത്തിൽ ബിരുദം, B.ED/T.T.C/D.ED/D.EL.ED, K-TET എന്നിവ പാസായാൽ മതിയാകും എന്നും സമാനമായ രീതിയിൽ തമിഴ് മീഡിയത്തിലും യു.പി സ്കൂൾ അധ്യാപകരെ തിരഞ്ഞെടുക്കുമ്പോൾ പ്ലസ് ടു തലം വരെ തമിഴ് രണ്ടാം ഭാഷയായി പഠിച്ച് ഏതെങ്കിലും വിഷയത്തിൽ ബിരുദവും B.ED/T.T.C/D.ED/D.EL.ED, K-TET പാസാവുന്നവരെ പരിഗണിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം SCERT ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.പത്താംക്ലാസിൽ Part-1 അല്ലെങ്കിൽ Part-2 തമിഴ് ഒരു വിഷയമായോ പ്ലസ് ടു തലം വരെ രണ്ടാം ഭാഷയായോ തമിഴ് പഠിച്ച് ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയും, ബിഎഡ്/റ്റി.റ്റി.സി/ഡി.എഡ്/ഡി.എൽ.എഡ്, കെ-ടെറ്റ് യോഗ്യത നേടിയവരെ കൂടി യു.പി.എസ്.റ്റി (തമിഴ് മീഡിയം) നിയമനത്തിന് പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ തദനുസൃതമായി ഭേദഗതി വരുത്തുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MEENAMBIKA M I
JOINT SECRETARY

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ

വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് , തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്.

ജോയിന്റ് സെക്രട്ടറിയുടെ സി.എ ക്ക്